13/1/22.

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
# തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

## ഹർജി നമ്പർ AP No. 412(6)/2021 എസ്.ഐ.സി.

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

(ഫയൽ നം.3819/എസ്.ഐ.സി-ജി 5/2021)

സന്നിഹിതൻ

**അഡ്വ.എച്ച്. രാജീവൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

തീയതി : 31.12.2021

**ശ്രീ. പി.ഒ. മുഹമ്മദ് ബഷീർ,
പള്ളിനടയ്ക്കൽ,
അതിരമ്പുഴ പി.ഒ,
കോട്ടയം – 686 562.** } **അപ്പീൽ ഹർജിക്കാരൻ**

Vs.

**1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
ഡെപ്യൂട്ടി രജിസ്ട്രാർ II (ഭരണവിഭാഗം)
മഹാത്മാഗാന്ധി സർവകലാശാല,
പ്രിയദർശിനി ഹിൽസ് പി.ഒ,
കോട്ടയം – 686 560.**

**2. അപ്പീൽ അധികാരി &
പ്രൊ വൈസ് ചാൻസലർ,
മഹാത്മാഗാന്ധി സർവകലാശാല,
പ്രിയദർശിനി ഹിൽസ് പി.ഒ,
കോട്ടയം – 686 560.** } **എതിർകക്ഷികൾ**

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | 05/11/2020 |
| മറുപടി ലഭ്യമാക്കിയ തീയതി | 20/11/2020, 12/02/2021 |
| ഒന്നാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 21/12/2020 |
| മറുപടി ലഭ്യമാക്കിയ തീയതി | 19/01/2021 |
| രണ്ടാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 12/03/2021 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 18/03/2021 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 19/04/2021 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 06/05/2021 |
| ഹിയറിംഗ് തീയതി & സ്ഥലം | 23/12/2021<br>PWD റസ്റ്റ് ഹൗസ്, കോട്ടയം |
| ഹിയറിംഗിലെ സാന്നിധ്യം:<br>ഹർജിക്കാരൻ<br>ഒന്നാം എതിർകക്ഷി | <br>ഹാജരായി<br>ഹാജരായി |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരനായ ശ്രീ. പി.ഒ. മുഹമ്മദ് ബഷീർ, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ടിയാന്റെ വിവരാവകാശ അപേക്ഷയ്ക്ക് പല വിവരങ്ങളും മറച്ചുവച്ചുകൊണ്ടാണ് ഒന്നാം എതിർകക്ഷി മറുപടി നൽകിയതെന്നും ആയതിനാൽ രണ്ടാം എതിർകക്ഷി മുമ്പാകെ ഒന്നാം അപ്പീൽ സമർപ്പിച്ചുവെന്നും രണ്ടാം എതിർകക്ഷി തെറ്റിദ്ധരിപ്പിക്കുന്നതും വിവരാവകാശ നിയമപ്രകാരം അറിയാനുള്ള അവകാശത്തെ പുച്ഛിക്കുന്ന തരത്തിൽ ധിക്കാരപരമായ മറുപടിയാണ് നൽകിയതെന്നും ആയതിനാൽ എതിർകക്ഷികൾക്കെതിരെ നിയമപരമായ നടപടി സ്വീകരിക്കണമെന്നും മറ്റുമാണ്.

2. ഹർജിക്കാരൻ ഒന്നാം എതിർകക്ഷി മുമ്പാകെ 05.11.2020 ൽ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്,

1) സർവ്വകലാശാലയിൽ കോൺട്രാക്റ്റ് വ്യവസ്ഥയിൽ എത്ര അനദ്ധ്യാപക ജീവനക്കാർ ജോലി ചെയ്യുന്നുണ്ടെന്നും അവരുടെ പേര്, തസ്തിക, ജോലി ചെയ്യുന്ന ബ്രാഞ്ച്/ഡിപ്പാർട്ടുമെന്റ്/സ്കൂൾ/സെന്റർ, ഇവർ എത്ര വർഷം/മാസമായി ജോലി ചെയ്യുന്നുവെന്നും ജോലിയിൽ പ്രവേശിച്ച വർഷം എന്നിവയും

2) സർവ്വകലാശാലയിൽ ഡെയ്‌ലി വേജ് വ്യവസ്ഥയിൽ എത്ര അനദ്ധ്യാപക ജീവനക്കാർ ജോലി ചെയ്യുന്നുണ്ടെന്നും അവരുടെ പേര്, തസ്തിക, ജോലി ചെയ്യുന്ന ബ്രാഞ്ച്/ഡിപ്പാർട്ടുമെന്റ്/സ്കൂൾ/സെന്റർ, ഇവർ എത്ര വർഷം/മാസമായി ജോലി ചെയ്യുന്നുവെന്നും ജോലിയിൽ പ്രവേശിച്ച വർഷം എന്നിവയും

3) ഇതിൽ പുനർ നിയമനം നൽകിയവർ എത്ര പേരുണ്ടെന്നും അവർ ആരൊക്കെയെന്നും എത്ര വർഷമായി തുടരുന്നുവെന്നും എന്നിങ്ങനെ 7 ഇനങ്ങളിലായുള്ള വിവരങ്ങളാണ്.

3. ഹർജിക്കാരന്റെ 05.11.2020 ലെ വിവരാവകാശ അപേക്ഷയ്ക്ക് ഒന്നാം എതിർകക്ഷി 20.11.2020, 12.02.2021 തീയതികളിൽ മറുപടി നൽകിയിരിക്കുന്നതായി കാണുന്നു. ടി മറുപടി തൃപ്തികരമല്ലാത്തതിനാൽ ടിയാൻ 21.12.2020 ൽ രണ്ടാം എതിർകക്ഷി മുമ്പാകെ അപ്പീൽ സമർപ്പിച്ചിട്ടുള്ളതും ആയത് 19.01.2021 ൽ തീർപ്പാക്കിയിട്ടുള്ളതുമാണ്. ടി അപ്പീൽ ഉത്തരവിൽ പറഞ്ഞിട്ടുള്ളത്, ഹർജിക്കാരൻ വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ടിരിക്കുന്ന പ്രകാരം സർവ്വകലാശാല

യിൽ കോൺട്രാക്ട് വ്യവസ്ഥയിൽ/ദിവസ വേതന വ്യവസ്ഥയിൽ ജോലി ചെയ്യുന്ന ഡ്രൈവർ, ഗാർഡനർ, പരിക്ഷാവിഭാഗം ജീവനക്കാർ എന്നിവരുടെ വിവരങ്ങൾ മൂന്നാഴ്ചയ്ക്കകം 07.01.2021 തീയതിയിലെ 130/AdA1/2021/എം.ജി. യു. സർവ്വകലാശാല ഉത്തരവ് പ്രകാരം സർവ്വകലാശാലയിൽ ഏർപ്പെടുത്തിയിട്ടുള്ള പുതിയ RTI സംവിധാനത്തിലൂടെ ഡെപ്യൂട്ടി രജിസ്ട്രാർ III (ഭരണം) & പബ്ലിക്ക് ഇൻഫർമേഷൻ ഓഫീസർ ഹർജിക്കാരന് നൽകേണ്ടതാണെന്നും കൂടാതെ സർവ്വകലാശാല സ്കൂളുകൾ/ഡിപ്പാർട്ടുമെന്റുകൾ/ഇന്റർ യൂണിവേഴ്സിറ്റി/ഇന്റർ സ്കൂൾ സെന്ററുകൾ എന്നിവിടങ്ങളിലെ വിവരങ്ങൾ ലഭ്യമാക്കുന്നതിനായി അവിടങ്ങളിലേക്ക് അപേക്ഷയുടെ പകർപ്പ് കൊടുത്ത് അതത് പബ്ലിക്ക് ഇൻഫർമേഷൻ ഓഫീസർമാരോട് വിവരങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെടണമെന്നും നിർദ്ദേശിച്ചിരിക്കുന്നു.

4. രണ്ടാം എതിർകക്ഷി 30.04.2021 തീയതി വച്ച് കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്, ഹർജിക്കാരന്റെ അപ്പീലപേക്ഷയിൽ ആവശ്യപ്പെട്ടിരിക്കുന്ന വിവരങ്ങളിൽ ലഭ്യമാക്കിയിട്ടില്ലാത്തവ ക്രമപ്രകാരം ലഭ്യമാക്കുന്നതിന് പബ്ലിക്ക് ഇൻഫർമേഷൻ ഓഫീസറോട് 19.01.2021 ലെ ഉത്തരവ് പ്രകാരം ആവശ്യപ്പെട്ടിട്ടുള്ളതാണെന്നും തുടർന്ന് ലഭിച്ച വിവരങ്ങളിന്മേൽ ഹർജിക്കാരൻ പരാതിയൊന്നും സമർപ്പിച്ചിട്ടില്ലാത്തതുമാണെന്നാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ ഹർജിക്കാരന്റെ വിവരാവകാശ അപേക്ഷയ്ക്കും അപ്പീൽ അപേക്ഷയ്കും എതിർകക്ഷികൾ മറുപടികൾ നൽകിയിട്ടുള്ളതായി കാണുന്നു. ടി മറുപടികൾ തൃപ്തികരമല്ലാത്തതിനാലാണ് ടിയാൻ കമ്മീഷൻ മുമ്പാകെ അപ്പീൽ സമർപ്പിച്ചിരിക്കുന്നത്. 23.12.2021 ൽ കമ്മീഷൻ കോട്ടയം റസ്റ്റ് ഹൗസിൽ വച്ച് നടത്തിയ നേരിട്ടുള്ള ഹിയറിംഗിൽ ഇരുകക്ഷികളും ഹാജരായി മൊഴി നൽകിയിട്ടുള്ളതാണ്. ഹർജിക്കാരന്റെ വിവരാവകാശ അപേക്ഷയിന്മേൽ ഒന്നാം അപ്പീലിൽ അപ്പീലധികാരി നിർദ്ദേശിച്ചതു പ്രകാരമുള്ള മറുപടി 12.02.2021 ൽ നൽകിയിട്ടുള്ളതാണ് എന്നാണ് ഹിയറിംഗിൽ പങ്കെടുത്ത ഒന്നാം എതിർകക്ഷി മൊഴി നൽകിയിട്ടുള്ളത്. എന്നാൽ ഇതിൽ ഡ്രൈവർമാരെകുറിച്ചും സെക്യൂരിറ്റി ഓഫീസർമാരെ സംബന്ധിക്കുന്ന വിവരവും നൽകിയിട്ടുള്ളതായി കാണുന്നില്ല. ടി വിവരങ്ങൾ ഹർജിക്കാരന് നൽകാമെന്ന് ഹിയറിംഗിൽ ഒന്നാം എതിർകക്ഷി സമ്മതിച്ചിട്ടുള്ളതാണ്.

ആയതിനാൽ ഈ ഉത്തരവ് ലഭിച്ച് 15 ദിവസങ്ങൾക്കകം ഡ്രൈവർമാരെയും സെക്യൂരിറ്റി ഓഫീസർമോരേയും സംബന്ധിക്കുന്ന വിവരങ്ങൾ ഹർജിക്കാരന് നൽകേണ്ടതാണെന്ന് ഒന്നാം എതിർകക്ഷിയോട് കമ്മീഷൻ നിർദ്ദേശിക്കുന്നു.

6. മേൽ വസ്തുതകളുടെ അടിസ്ഥാനത്തിൽ, ഈ അപ്പീൽ ഹർജി കമ്മീഷൻ ഇന്നേ ദിവസം 2021 ഡിസംബർ മാസം 31-ാം തീയതി തീർപ്പാക്കി ഉത്തരവാകുന്നു.

(ഒപ്പ്)

**അഡ്വ. എച്ച്. രാജീവൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

STATE INFORMATION COMMISSION * KERALA, THIRUVANANTHAPURAM *

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**അഡീഷണൽ സെക്രട്ടറി (നിയമം)**

vkm

RIGHT TO INFORMATION